# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 119** | **20/03/2012 ൽ മറുപടിക്ക്**

## തിളക്കം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം:<br>,, എം. ഹംസ :<br>,, ആർ. രാജേഷ്:<br>,, എം.എ. ബേബി: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | |
|---|---|
| എ) പിന്നോക്കം നിൽക്കുന്ന ഹൈസ്കൂളുകളിലെ വിജയ ശതമാനം ഉയർത്തുന്നതിന് മുൻ സർക്കാർ ആരംഭിച്ച തിളക്കം പദ്ധതി നിർത്തലാക്കി ക്കൊണ്ട് ഈ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ; | എ) പിന്നാക്കം നിൽക്കുന്ന സ്കൂളുകളിലെ വിജയശതമാനം ഉയർത്തുന്നതിനായി മുൻസർക്കാരിന്റെ കാലയളവിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന പദ്ധതി നടപ്പിലാക്കി. തിളക്കം എന്ന പേരിൽ പദ്ധതി ആരംഭിച്ചിട്ടില്ല.<br>തിളക്കം എന്ന പേരിൽ ആ വർഷത്തെ മുഴുവൻ പ്രവർത്തന വിവരങ്ങൾ അടങ്ങിയ ഒരു ലഘു പുസ്തകം മാത്രമാണ് പ്രസിദ്ധീകരിച്ചത്. ഒരുക്കം എന്ന പേരിൽ ഒരു കൈ പുസ്തകം മുൻ വർഷങ്ങളിൽ ഈ പദ്ധതിയിൻ കീഴിൽ വരുന്നത് സ്കൂളുകൾക്ക് വിതരണം ചെയ്തിരുന്നു. |
| ബി) തിളക്കം പദ്ധതിയുടെ ഇതിനക മുള്ള നടത്തിപ്പിനെക്കുറിച്ച് വിശദമാക്കാമോ? | ബി) തിളക്കം എന്ന ഒരു പദ്ധതി വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ